
## നമുക്കുവേണ്ടത് ജി.എം. വിത്തുകളല്ല

# വീട്ടുമുറ്റത്തെ ചുണ്ടങ്ങ

വാണി വി.



**ബൗദ്ധികസ്വത്താവകാശനിയമം ഉപയോഗിച്ച് സൂക്ഷ്മ ജീവികളുടെ ചെടികളുടേയും വിളകളുടേയും മൃഗങ്ങളുടേയും മനുഷ്യരുടേയും ജനിതക ഘടന പേറ്റന്റ് ചെയ്യുമ്പോൾ ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടേയും അവകാശികൾ ചില ബഹുരാഷ്ട്ര കുത്തകകൾ മാത്രമാകുമോ എന്നുള്ള വലിയ ആശങ്കയാണ് ഈ ഘട്ടത്തിൽ പങ്കുവയ്ക്കാനുള്ളത്.**

- **നിരീക്ഷണം**

''ഒരു ജീവിയെ ജീവനില്ലാത്ത വസ്തുവിൽ നിന്നു വേർതിരിക്കുന്ന പ്രധാന സ്വഭാവം അത് അനുഭവിക്ക ക്കുന്ന സ്വാതന്ത്ര്യമാണ്. ഈ സ്വാത ന്ത്ര്യത്തിന്റെ അളവ് ഓരോ ജന്തു വിലും ഓരോ തോതിലാണ്. പരി ണാമത്തിന്റെ പടികൾ കയറിക്കയറി പോകുമ്പോൾ അതിന്റെ മാത്രയും കൂടുന്നു. സസ്യങ്ങളുടെ സ്വാതന്ത്ര്യം വളരാനും പ്രത്യുല്പാ ദനം ചെയ്യാനുള്ള കഴിവിൽ അടങ്ങു ന്നു. ജന്തുക്കളിലെത്തുമ്പോൾ ഇതു വികസിച്ച്, വളർച്ചയ്ക്ക് പുറമേ ചലി ക്കാനും കൂടിയുള്ള സ്വാതന്ത്ര്യമായി ത്തീരുന്നു. ഒരിടത്തുതന്നെ ബന്ധി ക്കപ്പെട്ടു കിടക്കാത്തതുകൊണ്ട് ആവശ്യമുള്ള സൗകര്യങ്ങൾ സ്വയം അന്വേഷിച്ചു കണ്ടുപിടിക്കാം അവ യ്ക്ക്. കാലാവസ്ഥയുടെ ചക്രമനു സരിച്ച് ഭൂഖണ്ഡങ്ങൾ തന്നെ താണ്ടുന്ന പക്ഷികളുണ്ട്. രോഗാണു ക്കൾ തൊട്ട് ഇങ്ങോട്ട് എല്ലാം അവ യുടെ ഇരയെ അന്വേഷിച്ച് കണ്ടു പിടിക്കുന്നു. എങ്കിലും ഈ സ്വാതന്ത്ര്യം ബോധപൂർവ്വമല്ല ജന്മ നാവസ്ഥയുടെ പരിമിതികൾക്ക കത്തെ ചലനം മാത്രമാണത്. മനു ഷ്യനിലെത്തുമ്പോൾ ജന്മവാസന യേക്കാൾ പ്രകടമായ ഒന്നു പ്രത്യ ക്ഷപ്പെടുന്നു - ബുദ്ധി. ശാരീരികം മാത്രമല്ല മാനസികം കൂടിയാണ് അവന്റെ സ്വാതന്ത്ര്യം-അഥവാ അവൻ അവന്റെ സ്വാതന്ത്ര്യത്തെ ക്കുറിച്ചു ബോധവാനാണ്. ഈ വസ്തുത ഇതുവരെയുള്ള പരിണാ മക്രമത്തെ തകിടം മറിക്കുന്നു. മനു ഷ്യനു പരിണാമത്തിൽ ഇടപെടാ നുള്ള കഴിവുണ്ടാക്കുന്ന തോതിൽ പ്രകൃതിയ്ക്ക് അതിന്മേലുള്ള നിയ ന്ത്രണം നഷ്ടപ്പെടുന്നു. പ്രകൃതി യുടെ സൃഷ്ടി മനുഷ്യൻ എന്നാൽ മനുഷ്യന് ഇച്ഛയുണ്ടെങ്കിൽ പ്രകൃ തിയെ നശിപ്പിക്കാം.

*ആനന്ദ് (അഭയാർത്ഥികൾ)*

അതേ, മനുഷ്യന് ഇച്ഛയുണ്ടെ ങ്കിൽ പ്രകൃതിയെ നശിപ്പിക്കാം. ഇത് തന്നെയാണ് ഇന്ന് ശാസ്ത്രസാ ങ്കേതിക വിദ്യയുടെ പേരിൽ നടന്നു കൊണ്ടിരിക്കുന്നത്. ജി. എം. വിത്തു കൾ, അന്തകവിത്തുകൾ (terminater seeds) തുടങ്ങി നമ്മുടെ ജൈവസാങ്കേതിക വിദ്യയിൽനിന്ന് ഉരുത്തിരിഞ്ഞ ഈ വികസനം നമ്മളെ കൊണ്ടെത്തിക്കുന്നത് എവി ടെയാണ്.

പ്രകൃതിയുടെ സന്തുലിതാവ സ്ഥയെ തകിടം മറിച്ചുകൊണ്ട് ജി. എം വിളകൾ അരങ്ങുവാഴുകയാണ് ഇന്ന്. ലോകത്തിൽ ഏറ്റവും വലിയ വർദ്ധനവാണ് കഴിഞ്ഞ പത്തുവർഷ ങ്ങളിൽ ജി. എം വിളകളുടെ കാര്യ

**ഒന്നു മറിയാത്തതുപോലെ വൻതോതിൽ കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ രാജ്യത്ത് പലയിട ങ്ങളും പരീക്ഷണങ്ങൾ നടത്തുന്നു. ഇതിനുള്ള സ്പോൺ സർഷിപ്പ് നല്കുന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികൾ ആണ്. ഇപ്പോൾ പലയിടത്തും സെമിനാറുകളും വർക്ക്ഷോപ്പുകളും ബഹു രാഷ്ട്രകുത്തകകമ്പനികളുടെ സ്പോൺസർഷിപ്പിലാണ് നടക്കുന്നത്. അതായത് ജൈവസാങ്കേതികവിദ്യ ശാസ്ത്ര സമൂഹം അവരുടെ പോക്കറ്റിലാണ് എന്ന് അർത്ഥം.**

ത്തിൽ ഉണ്ടായിരിക്കുന്നത്, ഏക ദേശം 30 ഇരട്ടി. ഇതിൽ ഒന്നാം സ്ഥാനം അമേരിക്കയ്ക്കാണ്. ഇതിൽ സോയാബിനിനാണ് ഒന്നാം സ്ഥാനം (87%) പിന്നെ ജി.എം കോട്ടൺ, ജി.എം കോൺ, ചോളം, ജി.എം തക്കാളി, ജി.എം പപ്പായ....

ഈ മാറ്റം നമ്മുടെ മാറുന്ന സാമൂഹിക സാമ്പത്തിക ചുറ്റുപാടു കളുമായ് കൂട്ടി വായിയ്ക്കാം. ആഗോള വത്കരണ ഉദാരവത്കരണ നയങ്ങളിൽപ്പെട്ട് വികസ്വരരാജ്യങ്ങൾ ഉഴലുമ്പോൾ അവരുടെ നിലനി ല്പിന്റെ ആണിക്കല്ലായ ഭക്ഷ്യസുര ക്ഷകൂടി ഇളക്കാനാണ് മുതലാളിത്ത രാഷ്ട്രങ്ങൾ ശ്രമിക്കുന്നത്. അതിന വർ കണ്ടുപിടിച്ച വഴി അവിടെയാണ് തെറ്റിയത്. മനുഷ്യസമൂഹത്തിന് മാത്ര മല്ല ഇവിടെ നിലനിൽക്കേണ്ടത്, ഇവി ടത്തെ കോടാനുകോടി ജീവജാല ങ്ങൾക്കും നിലനില്ക്കണം. ഒറ്റയ ക്കുള്ള നിലപാട് ആർക്കും സാധ്യമ ല്ല. ഈ വസ്തുത ശാസ്ത്രസാങ്കേ തിക വിദ്യയുടെ തെളിയിച്ചയിൽ പരി ഷ്കൃത ശാസ്ത്ര സമൂഹം തിരിച്ചറി യുന്നില്ല. ബൗദ്ധികസ്വത്താവകാശനി യമം ഉപയോഗിച്ച് സൂക്ഷ്മ ജീവിക ളുടെ ചെടികളുടേയും വിളകളു ടേയും മൃഗങ്ങളുടേയും മനുഷ്യരു ടേയും ജനിതക ഘടന പേറ്റന്റ് ചെയ്യുമ്പോൾ ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടേയും അവകാശികൾ ചില ബഹുരാഷ്ട്രകുത്തകകൾ മാത്ര മാകുമോ എന്നുള്ള വലിയ ആശങ്ക യാണ് ഈ ഘട്ടത്തിൽ പങ്കുവയ്ക്കാ നുള്ളത്.

ജി.എം വിത്തുകൾ കർഷക രുടെ മാത്രമല്ല നാടിന്റെ മൊത്തം ജൈവ സമ്പത്തിനെ ബാധിക്കും. സൂപ്പർ വീഡ് (super weed) പോലുള്ള കളകൾ നമ്മുടെ കൃഷി യിടങ്ങളെ അടക്കി ഭരിയ്ക്കും. നാടൻ വിത്തുകളിൽ സ്വയംപര്യാപ്തയും ജൈവ വൈവിദ്ധ്യവും ഉണ്ടായിരുന്ന ഒരു ബഹുഭൂരി പക്ഷം കർഷകർ ഇവിടെ നിലനിന്നിരുന്നു. അതിമാരക ങ്ങളായ കീടനാശിനികളും കളനാശി നികളും വിറ്റഴിച്ച് ലാഭം കൊയ്യാൻവേണ്ടി ബഹുരാഷ്ട്രകമ്പ നികളും ജീവിതത്തിലെ ജി. എം വിത്തുകൾ വൻതോതിൽ വിറ്റഴിക്കു കയാണിവിടെ. ഏറ്റവുമാദ്യം ജി.എം വിത്തുകളെ തിരസിക്കുകയാണ് ചെയ്യേണ്ടത്.

വിദർഭയിലേയും ആന്ധ്രയി ലേയും ബിടി കോട്ടൺ കൃഷി ചെയ്ത കർഷകരുടെ അനുഭവം കണ്ടിട്ടും ശാസ്ത്രലോകം അതിൽ നിന്ന് പാഠം പഠിക്കുന്നില്ല. മാത്രവു മല്ല ഒന്നു മറിയാത്തതുപോലെ വൻതോതിൽ കാർഷിക സർവ്വക ലാശാല ശാസ്ത്രജ്ഞർ രാജ്യത്ത് പലയിടങ്ങളും പരീക്ഷണങ്ങൾ നട ത്തുന്നു. ഇതിനുള്ള സ്പോൺ സർഷിപ്പ് നല്കുന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികൾ ആണ്. ഇപ്പോൾ പലയിടത്തും സെമിനാ റുകളും വർക്ക്ഷോപ്പുകളും ബഹു രാഷ്ട്രകുത്തകകമ്പനികളുടെ സ്പോൺസർഷിപ്പിലാണ് നടക്കു ന്നത്. അതായത് ജൈവസാങ്കേ തികവിദ്യ ശാസ്ത്ര സമൂഹം അവ രുടെ പോക്കറ്റിലാണ് എന്ന് അർത്ഥം. അവർ ഏർപ്പെട്ട് ചെയ്യുന്ന വിദേശ ടൂറുകൾക്കും വർക്ക്ഷോപ്പുകൾക്കും വേണ്ടി നമ്മുടെ കർഷകരുടെ, നമ്മുടെ നാടിന്റെ ജൈവസമ്പത്ത് തന്നെ വിറ്റു കൊടുക്കും (കേരള കാർഷിക സർവകലാശാല പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്നും വിവധയിനം നൽവിത്തുകൾ ഈയിടെ ബഹുരാഷ്ട്രകുത്തക ഭീമ നായ മൊൺസാന്റൊയ്ക്ക് നല്കാ നുള്ള ആലോചനയുണ്ടായിരുന്നു അടുത്തിടെ). ഇവിടെയാണ് കാർഷിക സർവ്വകലാശാലകളുടെ ധാർമ്മികത ചോദ്യം ചെയ്യപ്പെടേ ണ്ടത്. നാടിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് വേണ്ടി ഒറ്റ തോർത്തുടുത്ത് വെയി ലിലും മഴയിലും ചോരനീരാക്കി കഷ്ടപ്പെടുന്ന ഒരു കാർഷിക സമൂ ഹത്തെ പാടേ അവഗണിച്ച് കൊണ്ട് ബഹുരാഷ്ട്ര കുത്തകകൾക്ക് പിറകേ കാർഷിക സർവ്വകലാശാല കൾ പോകുന്നതിലെ ധാർമ്മികത.

നമ്മൾ വാങ്ങുന്ന ധാന്യങ്ങൾ, പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ ധാരാളം കീടനാശിനികളിൽ മുങ്ങി വരുന്നതാണ് എന്നുള്ളത് ആർക്കും അറിയാം. വീട്ടുമുറ്റത്തെ ചുണ്ട ങ്ങയെ അവഗണിച്ചാണ് നാം കാബേജിന് പുറകേ പോകുന്നത്. രണ്ടാം ഘട്ട നിത്യഹരിത വിപ്ലവ ത്തിലെ നായകൻ ശ്രീ പത്മഭൂഷൺ എം.എസ്. സ്വാമിനാഥൻ രണ്ടാം ഹരിത വിപ്ലവം ജനിതക വിപ്ലവത്തി ലൂടെ എന്നാണ് ആഹ്വാനം ചെയ്തി രിക്കുന്നത്. വിപ്ലവങ്ങളെല്ലാം നമ്മുടെ കൃഷിയിടങ്ങൾ കൈയേറി, കഴിഞ്ഞു. ഫലമോ, ഭക്ഷ്യസുരക്ഷ ഇറക്കുമതി ചെയ്യേണ്ട അവസ്ഥ. പക്ഷേ, ജി. എം ഭക്ഷണ സാധന ങ്ങൾ വന്നാൽ അത് നുഴഞ്ഞുകയ റിയാൽ നമ്മൾക്ക് ആർക്കും മനസ്സി ലാവില്ല നമ്മളുടെ ഭക്ഷണം ജി. എം വിളകളുടെതായിരുന്നു എന്ന്. കാരണം ഇതിന്റെ പ്രത്യാഘാത ങ്ങൾ ഒന്നും തന്നെ പഠിക്കാതെ യാണ് ഈ വിളകൾക്ക് അനുമതി ഗവൺമെന്റ് കൊടുത്തിരിക്കുന്നത് നമ്മുടെ ഭക്ഷ്യസുരക്ഷയെ സംരക്ഷി ക്കാൻ നമ്മൾ ഒന്നടങ്കം പ്രതികരിച്ചേ തീരൂ. നമ്മുടെ ഭക്ഷ്യസുരക്ഷ ആരുടെ മുന്നിലും അടിയറവയ്ക്കാ തിരിക്കാൻ, നമ്മുടെ ജൈവസമ്പത്ത് വംശമറ്റു പോകാതിരിക്കാൻ, ഇന്നത്തെ നാടിന്റെ ആരോഗ്യം നില നിൽക്കാൻ, നാളത്തെ തലമുറയ്ക്ക് വേണ്ടി..